# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3813** **19.03.2018-ൽ മറുപടിക്ക്**

**നേമം മണ്ഡലത്തിലെ സ്കൂളുകൾ ഹൈടെക് ആക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഒ. രാജഗോപാൽ** | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതി പ്രകാരം എന്തൊക്കെ സൗകര്യങ്ങളാണ് നേമം നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഇതിനകം ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസ്സിലേയ്ക്കും ലാപ് ടോപ്പ് കമ്പ്യൂട്ടർ, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫങ്ഷൻ പ്രിൻറർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ലഭ്യമാക്കുന്നത്. നേമം നിയോജകമണ്ഡലത്തിലുള്ള 19 സ്കൂളുകളിൽ 9 സ്കൂളുകളിലെ സജ്ജമായ ക്ലാസ് മുറികളിലേയ്ക്ക് ഒന്നാംഘട്ട ഉപകരണ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ